ലൈക് പേജ്

റഹ്മാൻ മധുരക്കുഴി

ഡോക്ടർ, എഞ്ചിനീയർ എന്നീ പദവികൾക്കപ്പുറത്തും ലോകമുണ്ടെന്ന് മനസ്സിലാക്കാൻ കൂട്ടാക്കാത്ത രക്ഷിതാക്കളാണ്, കുട്ടികൾക്ക് നേടാൻ പ്രയാസമായത് നേടിയേ തീരൂ എന്ന് ശഠിക്കുന്നത്.

# പൊതുപരീക്ഷകളിൽ തോൽക്കുന്നത് അത്ര വലിയ പാതകമാണോ?

പൊതുപരീക്ഷകളിലെ തോൽവി, സങ്കീർണ മാനസിക പ്രശ്നങ്ങളാണ് നമ്മുടെ വിദ്യാർഥികൾക്ക് സമ്മാനിക്കുന്നത്. തോൽവി സംഭവിച്ചാൽ രക്ഷിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നുമുണ്ടാകുന്ന കുറ്റപ്പെടുത്തലുകളും പീഡനങ്ങളും, തങ്ങൾ സമൂഹത്തിൽ പിന്നാക്കക്കാരും ഭാവിയില്ലാത്തവരുമാണെന്ന ചിന്തകളും നിരാശാ ബോധവും കൊണ്ട് അസ്വസ്ഥ കലുഷമാവും വിദ്യാർഥികളുടെ മനസ്സുകൾ. വിജയികൾക്ക് രക്ഷിതാക്കളും അധ്യാപകരും സമൂഹവും അനുഗ്രഹാശിസ്സുകൾ ചൊരിയുന്നു; അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ നൽകുന്നു. തോൽവിയുടെ കയ്പുനീർ കുടിക്കേണ്ടിവന്നവരാകട്ടെ അസ്വസ്ഥരും നിരാശരുമായി പിന്നോട്ട് വലിയുന്നു. ഗൃഹാന്തരീക്ഷത്തിലെ പ്രതികൂല സാഹചര്യം, സാമ്പത്തിക പരാധീനത, ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയ കാരണങ്ങളാൽ പരാജയം ഏറ്റുവാങ്ങേണ്ടിവരുന്ന നിർഭാഗ്യവാന്മാരായ കുട്ടികളെ ആശ്വസിപ്പിക്കാനോ അവരെ പഠനരംഗത്ത് മുന്നോട്ടുകൊണ്ടുവരാനോ സാമൂഹിക സാംസ്കാരിക സംഘടനകളോ പൊതുസമൂഹമോ താൽപര്യം കാണിക്കുന്നില്ല.



വിദ്യാഭ്യാസ ജീവിതകാലത്തെ ഏക ലക്ഷ്യം എഴുത്ത് പരീക്ഷകളിലെ ഉയർന്ന വിജയവും ഫുൾ എ പ്ലസ് കരസ്ഥമാക്കലുമാണെന്നും അത് സാധിക്കാതെ പോയാൽ എല്ലാം തകർന്നുവെന്നുമുള്ള അബദ്ധധാരണ ആപത്താണെന്ന തിരിച്ചറിവാണ് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സമൂഹത്തിനും ഉണ്ടാവേണ്ടത്. പിൻ സീറ്റിലിരിക്കുന്നവരെല്ലാം ജീവിതത്തിൽ പരാജയപ്പെടുന്നവരാണെന്ന ധാരണ അസംബന്ധമാണ്. പഠിപ്പിൽ മികവ് കാണിക്കുന്നവർക്ക് വേണ്ടി മാത്രം ജയ് വിളിക്കുന്ന പ്രവണതയും ശരിയല്ല. പിന്നാക്കം നിൽക്കുന്നവരെ, പിന്നാക്കമാവാനുള്ള സാമൂഹിക സാഹചര്യം അന്വേഷിച്ചറിഞ്ഞ് മുന്നാക്കമെത്തിക്കാനുള്ള യത്നമാണ് അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഭാഗത്തുനിന്ന് ഉണ്ടാവേണ്ടത്. പിന്നാക്കക്കാർക്ക് പ്രത്യേക പരിശീലനം കൊടുത്ത് മുന്നാക്കത്തിലെത്തിക്കുന്നതിന് പകരം അവരെ വീണ്ടും വീണ്ടും തോൽപിക്കുകയോ സ്കൂളിൽ നിന്ന് പറഞ്ഞുവിടുകയോ ചെയ്യുന്നത് ക്രൂരതയാണ്. ഇങ്ങനെ അവരുടെ ആത്മവിശ്വാസം തകർത്ത് അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നത് മഹാ പാതകമാണ്.

എഴുത്ത് പരീക്ഷയിൽ തോൽക്കുന്നതോടെ ഭാവിയിൽ സകല രംഗത്തും തോൽവി തന്നെയാവും തന്നെ തുറിച്ചു നോക്കുക എന്ന കണക്കുകൂട്ടൽ പരമാബദ്ധമാണ്. ഒരു വിഷയത്തിൽ കഴിവ് തെളിയിക്കാൻ കഴിയാതെ പോയ വ്യക്തിക്ക് മറ്റൊരു വിഷയത്തിൽ കഴിവ് തെളിയിക്കാൻ കഴിഞ്ഞെന്ന് വരാം. ഒരു വഴി അടയുമ്പോൾ ഒമ്പത് വഴി തുറക്കും എന്നാണ് ചൊല്ല്. സ്കൂൾ വിദ്യാഭ്യാസകാലത്ത് പരീക്ഷകളിൽ തോൽക്കുകയും പഠിപ്പിൽ പിന്നാക്കം നിൽക്കുകയും ചെയ്ത പലരും പിൽക്കാലത്ത് ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിക്കുകയും ഉയരങ്ങൾ എത്തിപ്പിടിക്കുകയും ചെയ്തിട്ടുണ്ട്.

ബുദ്ധിശക്തി കുറവാണെന്ന് പറഞ്ഞ് സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ട തോമസ് എഡിസനല്ലേ പിൽക്കാലത്ത് ലോക പ്രശസ്ത ശാസ്ത്രജ്ഞനായി മാറിയത്. പോളിടെക്നിക്ക് സ്കൂളിലേക്കുള്ള എൻട്രൻസ് പരീക്ഷയിൽ മൂന്ന് തവണ തോറ്റ ഐൻസ്റ്റീൻ ഒടുവിൽ ന്യൂക്ലിയർ യുഗത്തിന്റെ ശിൽപിയായി ലോകപ്രശസ്തിയാർജിച്ച ചരിത്രവും നമുക്ക് മുന്നിലുണ്ട്. എന്നിട്ടുമെന്തേ നമ്മുടെ അധ്യാപകരും രക്ഷിതാക്കളും പരീക്ഷയിൽ തോറ്റ വിദ്യാർഥികളോട് അവരുടെ ആത്മവിശ്വാസം തകർക്കുംവിധം പെരുമാറുന്നത്? തങ്ങളുടെ മക്കൾ ഏറ്റവും മുന്തിയ വിജയം പരീക്ഷകളിൽ കൈവരിക്കണമെന്ന് ആഗ്രഹിക്കാത്ത രക്ഷിതാക്കളില്ല. ഡോക്ടർ, എഞ്ചിനീയർ എന്നീ പദവികൾക്കപ്പുറത്തും ലോകമുണ്ടെന്ന് മനസ്സിലാക്കാൻ കൂട്ടാക്കാത്ത രക്ഷിതാക്കളാണ് കുട്ടികൾക്ക് നേടാൻ പ്രയാസമായത് നേടിയേ തീരൂ എന്ന് ശഠിക്കുന്നത്. തങ്ങൾക്ക് നേടാൻ കഴിയാതെ പോയത് തങ്ങളുടെ മക്കൾ നേടിയെടുത്തേ തീരൂ എന്ന അതിരുകടന്ന മോഹം വിപരീതഫലമാണ് ഉണ്ടാക്കുക. കുട്ടികളുടെ സ്വതസിദ്ധമായ അഭിരുചികൾക്കും കഴിവുകൾക്കും ആഗ്രഹാഭിലാഷങ്ങൾക്കും അനുസൃതമായ മാർഗദർശനം അവർക്ക് നൽകുന്നതല്ലേ ബുദ്ധി? തങ്ങൾ കെട്ടുന്ന ആകാശക്കോട്ടകളുടെ ലോകത്തേക്ക് പറന്നുയരാൻ കഴിയാതെ പോകുന്ന മക്കളെ ശകാരിക്കുകയും ശിക്ഷിക്കുകയും പുറംതള്ളുകയും ചെയ്യുന്ന രക്ഷിതാക്കൾ ദൂരവ്യാപകമായ പ്രത്യാഘാതം ക്ഷണിച്ചുവരുത്തുന്ന ആപത് മാർഗമാണ് സ്വീകരിക്കുന്നത്. ■

Vol. No: 71 Issue No. 11 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla